# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *667 — 03.11.2016 -ൽ മറുപടിയ്ക്ക്

## കുഴൽകിണറുകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.അനിൽ അക്കര | മാത്യു ടി. തോമസ്<br>ജലവിഭവ വകുപ്പുമന്ത്രി |
| എ) സംസ്ഥാനത്ത് കുഴൽകിണറുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിവരിക്കാമോ;<br><br>ബി) കുടിവെള്ള ദൗർലഭ്യത്തിന് ഇത് എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | എ) യും ബി) ഉണ്ട്. മറ്റു കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്തതും ജലദൗർലഭ്യം നേരിടുന്നതുമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യാനുസരണം കുഴൽ കിണറുകൾ കുഴിച്ച് ഭൂജല വകുപ്പ് ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പാക്കി കുടിവെള്ളം ലഭ്യമാക്കി വരുന്നു. രൂക്ഷമായ കുടിവെള്ള ദൗർലഭ്യമുള്ള പ്രദേശങ്ങളിൽ മറ്റു ജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ വരുമ്പോൾ കുഴൽ കിണർ ആശ്രയിച്ചുള്ള ചെറുകിട കുടിവെള്ള പദ്ധതി ഏറെ പ്രയോജനപ്രദമാണ്. കുഴൽക്കിണറുകൾ / ട്യൂബ് വെൽ ഉപയോഗിച്ച് 50 മുതൽ 100 കുടുംബങ്ങൾക്ക് ഗുണപ്രദമാകുന്ന ജലവിതരണ പദ്ധതികളാണ് ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്നത്. തുറന്ന കിണറിന്റെ സാദ്ധ്യതകളില്ലാത്ത സ്ഥലങ്ങളിലും മലയോര പ്രദേശങ്ങളിലും ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം വേനൽക്കാലത്ത് ശുദ്ധമായ കുടിവെള്ളം ഉറപ്പു വരുത്തുവാൻ സാധിക്കുന്നു. 14 ജില്ലകളിലായി 60 ചെറുകിട കുടിവെള്ള പദ്ധതികളും 32 ഹാന്റ് പമ്പ് സ്കീമും 106 കുഴൽക്കിണർ /ട്യൂബ് വെൽ നിർമ്മാണത്തിനും, 2066 ഹാന്റ് പമ്പ് |

റിപ്പയറിംഗിനുമുള്ള സാങ്കേതികാനുമതി ഭൂജലവകുപ്പ് നൽകിയിട്ടുണ്ട്. ഇതിൽ 10 ചെറുകിട കുടിവെള്ള പദ്ധതികളും 44 കുഴൽക്കിണറുകളും 377 ഹാന്റ് പമ്പ് റിപ്പയറും, 8 ഹാന്റ് പമ്പ് സ്കീമും പൂർത്തീകരിച്ചു. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

| | | | |
|---|---|---|---|
| സി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം എത്ര കുഴൽ കിണറുകൾക്കാണ് ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | സി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം 2016 സെപ്റ്റംബർ വരെ 1691 കുഴൽകിണറുകൾക്ക് ശാസ്ത്രീയമായി സ്ഥാനനിർണ്ണയം നടത്തിയിട്ടുണ്ട് വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ഇൻവെസ്റ്റിഗേഷൻ (മെയ് 2016 മുതൽ സെപ്റ്റംബർ 2016 വരെ)

| ജില്ല | ബോർ വെൽ |
|---|---|
| തിരുവനന്തപുരം | 134 |
| കൊല്ലം | 150 |
| പത്തനംതിട്ട | 40 |
| ആലപ്പുഴ | 6 |
| കോട്ടയം | 94 |
| ഇടുക്കി | 133 |
| എറണാകുളം | 81 |
| തൃശ്ശൂർ | 192 |
| പാലക്കാട് | 158 |
| മലപ്പുറം | 73 |
| കോഴിക്കോട് | 191 |
| വയനാട് | 82 |
| കണ്ണൂർ | 36 |
| കാസറഗോഡ് | 321 |
| ആകെ | 1691 |

സെക്ഷൻ ഓഫീസർ